**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

DHS/14160/2024-MSA3 തീയതി: 01-07-2024

പ്രേഷകൻ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ,
കോട്ടയം, ഇടുക്കി, എറണാകുളം , തൃശ്ശൂർ, പാലക്കാട്, മലപ്പുറം,
കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.

സർ,

വിഷയം: ആ.വ.ഡ - മരുന്നുകളുടെ അക്കൗണ്ടിംഗ്, സ്ഥാപനങ്ങളിലെ സ്റ്റോർ സൂപ്രണ്ട് / പി.എസ്.കെ തസ്തികകൾ പുനക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : സ്റ്റേറ്റ് സ്റ്റോർ വെരിഫിക്കേഷൻ ഓഫീസറുടെ സമർപ്പണം, തീയതി: 12/06/2024

മരുന്നുകളുടെ അക്കൗണ്ടിംഗ് , സ്ഥാപനങ്ങളിലെ സ്റ്റോർ സൂപ്രണ്ട് / പി.എസ്.കെ തസ്തികകൾ പുനക്രമീകരിക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് സ്റ്റോർ വെരിഫിക്കേഷൻ ഓഫീസറുടെ സമർപ്പണത്തിന്റെ അടിസ്ഥാനത്തിൽ 13.6.2024 ന് കൂടിയ യോഗത്തിന്റെ മിനിട്സ് പ്രകാരമുള്ള തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) ലോക്കൽ പർച്ചേസ് ചെയ്യുന്ന മരുന്നുകളുടെ അക്കൗണ്ടിംഗ് സംബന്ധിച്ചും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ലഭിക്കുന്ന മരുന്നുകളുടെ വില വർദ്ധനവിനു അനുസരിച്ച് അക്കൗണ്ടബിൾ ഡ്രഗ്ഗ് രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ചും ഹാബിറ്റ് ഫോമിംഗ് രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ചും നിലവിലുള്ള ഉത്തരവ് / സർക്കുലർ ഒഴിവാക്കി ഡിസ്പെൻസിംഗ് രജിസ്റ്ററിൽ പ്രത്യേക കോളത്തിൽ രേഖപ്പെടുത്തിയതിനു ശേഷം അതാത് ഫാർമസിസ്റ്റുകൾ ഡെയ്ലി ഇഷ്യൂ ചെയ്ത എണ്ണം കൂട്ടി എഴുതി അതാത് ദിവസം പ്രസ്തുത ഡിസ്പെൻസിംഗ് രജിസ്റ്റർ തന്നെ രേഖപ്പെടുത്തുന്നത് സബ് സ്റ്റോക്ക് രജിസ്റ്ററിലെ ആകെ എണ്ണത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

2) നഴ്സിംഗ് വിഭാഗത്തിന് ഡിസ്പെൻസിംഗ് രജിസ്റ്റർ ഇല്ലാത്തതിനാൽ നിലവിലുള്ള എം.എസ്.എ3-88959/2021/ആ.വ.ഡ തീയതി 01.03.2022 ലെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ തുടർന്നും പാലിക്കേണ്ടതാണ്.

3) ചില സ്ഥാപനങ്ങളിൽ ആർദ്രം വഴി ലഭിച്ച 1 ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ അധിക തസ്തിക പ്രസ്തുത ജില്ലയിലെ തന്നെ അവശ്യം വേണ്ട സ്ഥാപനത്തിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ മാറ്റേണ്ടതാണ്.

4) ഫിനാൻഷ്യൽ ക്യാപ്പും രോഗികളുടെ എണ്ണവും കുറവുള്ള സ്ഥാപനങ്ങളിൽ സ്റ്റോർ സൂപ്രണ്ടും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറും ഉള്ളയിടങ്ങളിൽ നിന്നും സ്റ്റോർ സൂപ്രണ്ടിനെ അവശ്യം വേണ്ട സ്ഥാപനത്തിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ മാറ്റേണ്ടതാണ്.

5) രണ്ട് സ്റ്റോർ സൂപ്രണ്ടുമാരുള്ള ആശുപത്രിയിൽ നിന്നും ഒരാളെ അവശ്യം വേണ്ട സ്ഥാപനത്തിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ മാറ്റേണ്ടതാണ്.

മേൽ തീരുമാനങ്ങളിന്മേൽ നടപടി സ്വീകരിച്ച റിപ്പോർട്ട് രണ്ടാഴ്ചയ്ക്കം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഡോ.നന്ദകുമാർ.കെ.വി
അഡീഷണൽ ഡയറക്ടർ (മെഡിക്കൽ
& ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ-695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ:**dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

DHS/14140/2024-MSA തീയതി: 05-07-2024

പ്രേഷകൻ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ
കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്,
കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്.

സർ,

വിഷയം: ആ.വ.ഡ:- ഡിസ്പെൻസിംഗ് രജിസ്റ്റർ ഏകീകൃത ഫോർമാറ്റ് എല്ലാ സ്ഥാപനങ്ങളിലും ലഭ്യമാക്കുന്നത് സംബന്ധിച്ച് ;

സൂചന :
1) സ്റ്റേറ്റ് സ്റ്റോർ വെരിഫിക്കേഷൻ ഓഫീസറുടെ 02.07.2024 ലെ സമർപ്പണം.
2) DHS/14160(14140)/2024-MSA3, തീയതി 01.07.2024

സൂചന (2) ഈ കാര്യാലയത്തിൽ നിന്നും അയച്ച കത്തിൽ പറഞ്ഞിരിക്കുന്ന ക്രമ നമ്പർ 1 ൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ഏകീകൃത ഡിസ്പെൻസിംഗ് രജിസ്റ്ററിന്റെ ഫോർമാറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

Signed by
Nandakumar.k.v
Date: 05-07-2024 17:01:44

ഡോ.നന്ദകുമാർ.കെ.വി
അഡീഷണൽ ഡയറക്ടർ (മെഡിക്കൽ
& ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

# DISPENSING REGISTER

| Sl.No | O.P.No. | Name, Age and Contact No. | Name of Items and Qty.issued | | Remarks |
|---|---|---|---|---|---|
| | | | General | Costly and Habit forming | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

Scanned with CamScanner